**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 517** **20-03-2023 - ൽ മറുപടിയ്ക്ക്**

**കുടിവെള്ള വിതരണം തടസ്സപ്പെടാതിരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ബാലചന്ദ്രൻ,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അതിരൂക്ഷമായ വരൾച്ച ആരംഭിച്ചതോടെ കുടിവെള്ള സ്രോതസ്സുകളിലെ ജല ലഭ്യത കുറഞ്ഞിട്ടുണ്ടോ എന്നത് പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | വേനലിൽ സ്രോതസ്സിലെ നീരൊഴുക്ക് കുറയുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ആവശ്യമായ സ്ഥലങ്ങളിൽ തടയണ നിർമ്മിച്ച് സ്രോതസ്സിലെ ജലനിരപ്പ് പമ്പിങ് ആവശ്യങ്ങൾക്കായി ക്രമീകരിക്കുന്നു. കൂടാതെ സ്രോതസ്സിലെ ജല നിരപ്പ് നിരന്തരം നിരീക്ഷണ വിധേയമാക്കുന്നുണ്ട്. |
| (ബി) | വേനൽക്കാലത്ത് കുടിവെള്ള വിതരണം തടസ്സപ്പെടാതിരിക്കുന്നതിനും ആയത് കാര്യക്ഷമമാക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ; | (ബി) | വേനൽക്കാലത്ത് കുടിവെള്ള വിതരണം തടസ്സപ്പെടാതിരിക്കുന്നതിനും ആയത് കാര്യക്ഷമമാക്കുന്നതിനും താഴെ പറയുന്ന നടപടികൾ അടിയന്തിരമായി ചെയ്തു വരുന്നു:-<br><br>1. ജലലഭ്യതക്കുറവ് വരാൻ സാധ്യതയുള്ള കുടിവെള്ള പദ്ധതികളുടെ ഇൻ-ടേക്ക് പോയിന്റിന് സമീപം താൽക്കാലിക തടയണ നിർമ്മിക്കൽ, നീർച്ചാലുകൾ നിർമ്മിക്കൽ, ഗ്യാലറി വൃത്തിയാക്കൽ.<br><br>2. ജലസേചന വകുപ്പ്, വൈദ്യുതി ബോർഡ് എന്നിവയുമായി സഹകരിച്ച് അണക്കെട്ടുകളിലെ ജലം കുടിവെള്ള ആവശ്യത്തിനായി കരുതൽ ശേഖരമായി സൂക്ഷിക്കുക.<br><br>3. വാട്ടർ അതോറിറ്റിയുടെ കിണറുകളിലെ ചെളിയും മണ്ണും നീക്കം ചെയ്ത് പമ്പിങ് സ്റ്റേഷനുകളിൽ ജലലഭ്യത ഉറപ്പുവരുത്തുക.<br><br>4. ലഭ്യമായ ജലം കഴിയുന്നതും തുല്യമായി വിതരണം ചെയ്യുവാൻ ആവശ്യമായ വാൽവ് ക്രമീകരണങ്ങൾ നടത്തുക.<br><br>5. അടിയന്തിര സാഹചര്യങ്ങളിൽ റവന്യൂ തദ്ദേശസ്വയംഭരണ വകുപ്പുകളുടെ സഹകരണത്തോടെ ടാങ്കർ ലോറിയിൽ |

| | | | |
|---|---|---|---|
| | | | ജലവിതരണം ഏർപ്പെടുത്തി കുടിവെള്ള ക്ഷാമം പരിഹരിക്കുക.<br><br>6. പൈപ്പ് ലൈനിലെ ചോർച്ച അടിയന്തിരമായി പരിഹരിക്കുന്നതിന് ബ്ലൂ ബ്രിഗേഡ് സംവിധാനം എല്ലാ ഡിവിഷൻ ഓഫീസുകളിലും ഏർപ്പാടാക്കിയിട്ടുണ്ട്. കൂടാതെ അടിയന്തിര അറ്റകുറ്റപ്പണി നടത്തുന്നതിന് ഓരോ ഡിവിഷനും അഞ്ച് ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>7. ടാങ്കർ ലോറി ജല വിതരണം നടത്തുന്നതിന് വെൻഡിങ് പോയിന്റുകൾ സജ്ജമാക്കിയിട്ടുണ്ട്. |
| (സി) | സംസ്ഥാനത്ത് സ്വകാര്യ ടാങ്കർ ലോറികളിൽ എത്തിക്കുന്ന ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനും അമിതവില ഈടാക്കുന്നത് ഉൾപ്പെടെയുള്ള ചൂഷണങ്ങൾ അവസാനിപ്പിക്കുന്നതിനും ഇടപെടൽ നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | സ്വകാര്യ ടാങ്കറുകളിൽ വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധനയും അമിത വില ഈടാക്കുന്നത് ഉൾപ്പെടെയുള്ള ചൂഷണങ്ങൾ തടയുന്നതും വാട്ടർ അതോറിറ്റിയുടെ അധികാര പരിധിയിൽ വരുന്ന കാര്യമല്ല. സർക്കാർ നിശ്ചയിച്ച നിരക്കിലാണ് കേരള വാട്ടർ അതോറിറ്റി ടാങ്കറുകൾക്ക് കുടിവെള്ളം നൽകി വരുന്നത്. കൂടാതെ ജല അതോറിറ്റിയുടെ ചുമതലയുള്ള വിതരണ കേന്ദ്രങ്ങളിൽ നിന്നും ശേഖരിക്കുന്ന ജലത്തിന്റെ ഗുണനിലവാരം വാട്ടർ അതോറിറ്റി ഉറപ്പ് വരുത്തുന്നുണ്ട്. എറണാകുളം ജില്ലയിൽ ടാങ്കർ ലോറി വഴി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന് ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് "ഓപ്പറേഷൻ പ്യുവർ വാട്ടർ" എന്ന പദ്ധതിക്ക് നിയമസഭാസമിതി രൂപം നൽകുകയുണ്ടായി. തിരുവനന്തപുരം കോർപറേഷൻ പരിധിയിൽ ടാങ്കർ ലോറി വഴിയുള്ള ശുദ്ധമായ കുടിവെള്ള വിതരണം ഉറപ്പുവരുത്തുന്നതിന് തിരുവനന്തപുരം കോർപറേഷനും കേരള വാട്ടർ അതോറിറ്റിയും സംയുക്തമായി "സുജലം സുലഭം" എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.<br><br>സ്വകാര്യവാഹനങ്ങളിലും മറ്റ് അനുബന്ധ മാർഗ്ഗങ്ങളിലും കുടിവെള്ള വിതരണം ചെയ്യുന്നവർ പാലിക്കേണ്ട നിബന്ധനകൾ സംബന്ധിച്ച് സംസ്ഥാന ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽ നിന്നും ഒരു നടപടിക്രമം 31/12/2019-ൽ പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# ഫുഡ്സേഫ്റ്റി കമ്മീഷണറുടെ കാര്യാലയം

തൈക്കാട്.പി.ഒ, തിരുവനന്തപുരം.695014
Ph: 0471-2322833, 2322844. Fax: 0471-2322855
Email:foodsafetykerala@gmail.com
Website: www.foodsafety.kerala.gov.in


## സംസ്ഥാന ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നടപടിക്രമം

**ഹാജർ.ഡോ.രത്തൻകേൽക്കർ ഐ.എ.എസ്**

**വിഷയം:** സി.എഫ്.എസ് - ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് ആക്ട് 2006, 30(2)(d) വകുപ്പ് പ്രകാരവും ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് (ലൈസൻസിംഗ് & രജിസ്ട്രേഷൻ)റെഗുലേഷൻ 2011 വകുപ്പ് 2.1, അനക്ഷർ (II) 16, അനക്ഷർ (II) (1) എന്നിവ പ്രകാരവും കുടിവെള്ളം വിതരണം ചെയ്യുന്നതിനെ സംബന്ധിച്ച് പുറപ്പെടുവിക്കുന്ന നിബന്ധനകൾ

**ഉത്തരവ് നമ്പർ: ജി-10657/2019/സി.എഫ്.എസ് തീയതി 31/12/2019**

ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് ആക്ട് 2006-ലെ സെക്ഷൻ 3(j) പ്രകാരം കുടിവെള്ളം ആഹാരത്തിന്റെ നിർവചനത്തിൽ ഉൾപ്പെടുന്നു. എന്നാൽ സംസ്ഥാനത്ത് ടാങ്കർ ലോറികളിലും മറ്റു വാഹനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള വാട്ടർ ടാങ്കുകളിലും ഉപയോഗയോഗ്യമല്ലാത്ത വെള്ളം വിതരണം ചെയ്യുന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുമൂലം ഭക്ഷ്യ വിഷബാധയും ജലജന്യരോഗങ്ങളും (water borne diseases) ഉണ്ടാകാനുള്ള സാധ്യത വളരെ കൂടുതലാണ്. അതിനാൽ കുടിവെള്ളം വിതരണം ചെയ്യുന്നവരും കുടിവെള്ളത്തിന്റെ ഉപഭോക്താക്കളും താഴെ പറയുന്ന നിബന്ധനകൾ കർശ്ശനമായി പാലിക്കണമെന്ന് ഇതിനാൽ ഉത്തരവാകുന്നു.

**വാഹനങ്ങളിലും മറ്റ് അനുബന്ധ മാർഗ്ഗങ്ങളിലും കുടിവെള്ളംവിതരണം ചെയ്യുന്നവർ പാലിക്കേണ്ട നിബന്ധനകൾ**

1. ടാങ്കർ ലോറികളിലും മറ്റു വാഹനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള വാട്ടർ ടാങ്കിലും കുടിവെള്ളം വിതരണം ചെയ്യുന്നവർ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് (ലൈസൻസിംഗ് & രജിസ്ട്രേഷൻ) റെഗുലേഷൻ 2011 പ്രകാരം FBO ലൈസൻസുകൾ എടുത്തിരിക്കണം. ഇത്തരം ലൈസൻസുള്ള ടാങ്കർ ലോറികളിൽ/ ടാങ്കുകളിൽ മാത്രമേ സംസ്ഥാനത്ത് കുടിവെള്ളം വിതരണം/ വിൽപ്പന നടത്താൻ പാടുള്ളൂ.

2. കുടിവെള്ളം വിതരണത്തിനായി ഏതെങ്കിലും വ്യക്തി ഒന്നിൽ കൂടുതൽ വാഹനങ്ങൾ ഉപയോഗിക്കുന്നുണ്ടെങ്കിൽ ടി വാഹനങ്ങളുടെ രജിസ്ട്രേഷൻ നമ്പരുകൾ ലൈസൻസിൽ കൃത്യമായി രേഖപ്പെടുത്തി പ്രത്യേകം പ്രത്യേകം ലൈസൻസ് എടുത്തിരിക്കണം. സ്വന്തമായി വാഹനം ഇല്ലാത്തവരും വാടക വാഹനങ്ങൾക്ക് ലൈസൻസ് എടുത്തിരിക്കണം.

3. കുടിവെള്ള വിതരണം ചെയ്യുന്ന ടാങ്കർ ലോറികളിലും മറ്റു വാഹനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള വാട്ടർ ടാങ്കിലും **'Drinking Water/ കുടിവെള്ളം'** എന്ന് വ്യക്തമായി എഴുതി പ്രദർശിപ്പിച്ചിരിക്കണം. മറ്റ് ആവശ്യങ്ങൾക്കു പയോഗിക്കുന്ന വെള്ളമാണെങ്കിൽ **'Not for drinking purpose/ നിർമ്മാണ ത്തിനും മറ്റ് ആവശ്യങ്ങൾക്കുമുള്ള വെള്ളം'** എന്ന് വ്യക്തമായി എഴുതിയിരി ക്കണം. ഇങ്ങനെ എഴുതാതെ കൊണ്ടുപോകുന്ന വെള്ളം കുടിവെള്ളമായി പരിഗണിച്ച് നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

4. കുടിവെള്ളം വിതരണം ചെയ്യുന്ന ടാങ്കർ ലോറികളിലും മറ്റു വാഹനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള വാട്ടർ ടാങ്കിലും FBO ലൈസൻസ് നമ്പർ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. ശരിയായ രീതിയിൽ ശുചീകരണം നടത്താൻ സാധ്യമായിട്ടുള്ള രീതിയിൽ ഒരു Access Point, Tank-കളിൽ ഉണ്ടായിരിക്കേണ്ട താണ്. ഈ Access Point അടച്ചുറപ്പുള്ളതായിരിക്കേണ്ടതാണ്. ക്ലോറിൻ ടെസ്റ്റ് കിറ്റ് എല്ലാ കുടിവെള്ള വിതരണ വാഹനത്തിലും ഉണ്ടായിരിക്കേണ്ടതാണ്. വാഹനത്തിലെ ജീവനക്കാർ ഒരാളെങ്കിലും ഇത് ഉപയോഗിക്കാൻ അറിഞ്ഞിരിക്കേണ്ടതാണ്.

5. കുടിവെള്ളം ശേഖരിക്കുന്ന ടാങ്കറുകളുടെ ഉൾവശം ബിറ്റുമിനാസ്റ്റിക് കോട്ടിംഗോ മറ്റ് അനുവദനീയ കോട്ടിംഗോ ഉള്ളവയായിരിക്കണം. ടി കോട്ടിംഗ് നടത്താതെ കുടിവള്ളം വിതരണം ചെയ്യുന്നത് നിയമവിരുദ്ധവും ശിക്ഷാർഹവുമാണ്.

6. വാട്ടർ ടാങ്കുകൾ ഉപയോഗിക്കുന്നതിനുമുൻപ് ക്ലോറിനേഷൻ വഴി അണുവിമുക്തമാക്കേണ്ടതാണ്. കൂടാതെ ടാങ്കുകളിലേയക്ക് വെള്ളം നിറയ്ക്കുന്നതിനും പുറത്തേയ്ക്ക് വിതരണം ചെയ്യുന്നതിനും ഉപയോഗിക്കുന്ന hoses, pumps, pines മുതലായവ ശുചീകരണത്തിനുശേഷം മാത്രം ഉപയോഗിക്കുക

7. ടാങ്കറിലെ കുടിവെള്ളം ക്ലോറിനേറ്റ് ചെയ്ത് അണു വിമുക്തമായിരിക്കണം. (Residual amount of Chlorine - 0.5mg/l)

8. വാട്ടർ അതോറിറ്റി ഒഴികെയുള്ള കുടിവെള്ള സ്രോതസ്സുകൾക്ക് FBO ലൈസൻസ് ഉണ്ടായിരിക്കണം. ഇത്തരം ലൈസൻസുള്ള കുടിവെള്ള സ്രോതസ്സിൽ നിന്നു മാത്രമേ വെള്ളം ശേഖരിക്കാവൂ. കുടിവെള്ള സ്രോതസ്സുകളിലെ ജലം 6 മാസത്തിലൊരിക്കൽ സർക്കാർ ലാബുകളിലോ

NABL അക്രഡിറ്റഡ് ലാബുകളിലോ പരിശോധിച്ച് ശുദ്ധമാണെന്ന് ഉറപ്പു വരുത്തുന്ന സർട്ടിഫിക്കറ്റുകൾ സൂക്ഷിച്ചിരിക്കണം.

9. കുടിവെള്ളം വിതരണം ചെയ്യുന്ന ടാങ്കർ ലോറികളിലും വാഹനങ്ങളിൽ ഘടിപ്പിച്ച ടാങ്കറുകളിലും ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് ലൈസൻസ്, കുടിവെള്ളം പരിശോധിച്ച അംഗീകൃത ലാബ് റിപ്പോർട്ട്, കുടിവെള്ള ടാങ്കറിന്റെ ശേഷി, കോട്ടിംഗ് എന്നിവയുടെ തെളിവ് അടങ്ങിയ രേഖകൾ ഉണ്ടായിരിക്കണം. വെള്ളം ശേഖരിക്കുന്ന സ്രോതസ്സിന്റെ Food Safety License, വിവരങ്ങൾ, വിതരണം ചെയ്യുന്ന സ്ഥലങ്ങൾ, ടാങ്ക് ശുചീകരണവുമായി ബന്ധപ്പെട്ട വിവരങ്ങൾ മുതലായവ റിക്കോർഡായി വാഹനത്തിലും സൂക്ഷിക്കേണ്ടതാണ്. ടി രേഖകൾ ഇല്ലാതെ കുടിവെള്ളം വിതരണം നടത്തിയാൽ ടി വാഹനം പിടിച്ചെടുക്കുന്നതും പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നിയമനടപടികൾ സ്വീകരിക്കുന്നതാണ്.

**<u>ടാങ്കർ കുടിവെള്ള ഉപഭോക്താക്കൾ പാലിക്കേണ്ട നിബന്ധനകൾ</u>**

1. കുടിവെള്ളം പുറമെ നിന്നും വാങ്ങുന്നവർ ഭക്ഷ്യ സുരക്ഷാ ലൈസൻസുള്ള വിതരണക്കാരിൽ നിന്നു മാത്രമേ വാങ്ങി ഉപയോഗിക്കാൻ പാടുള്ളൂ.

2. ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, ഫ്ളാറ്റുകൾ, ആശുപത്രികൾ, വീടുകൾ, കുടിവെള്ളം ആവശ്യമുള്ള മറ്റ് സംരഭകർ, കുടിവെള്ളം വിതരണം ചെയ്യുന്നവരുടെ വിവരങ്ങളടങ്ങിയ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. ടി രജിസ്റ്ററിൽ കുടിവെള്ള സ്രോതസ്സ്, പരിശോധനാ റിപ്പോർട്ടിന്റെ പകർപ്പ്, വാങ്ങുന്ന വെള്ളത്തിന്റെ കൃത്യമായ അളവ് (ലിറ്ററിൽ), വിതരണക്കാരന്റെ ലൈസൻസിന്റെ വിവരങ്ങൾ, വിതരണത്തെ സംബന്ധിച്ച കരാറിന്റെ പകർപ്പ് എന്നിവ സൂക്ഷിച്ചിരിക്കണം. ഇത്തരം രജിസ്റ്ററുകൾ സൂക്ഷിക്കാതിരുന്നാൽ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് ആക്ട് പ്രകാരം നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

കൂടുതൽ വ്യക്ത ആവശ്യമുള്ള അവസരങ്ങളിൽ **ഫുഡ് സേഫ്റ്റി ടോൾ ഫ്രീ നമ്പർ 1800 425 1125**-ന്റെ സേവനം പ്രയോജനപ്പെടുത്തേണ്ടതാണ്.

(ഒപ്പ്)
**ഭക്ഷ്യസുരക്ഷാ കമ്മീഷണർ**

**പകർപ്പ്**

1. ചീഫ് സെക്രട്ടറി, ഗവൺമെന്റ് ,സെക്രട്ടറിയേറ്റ് (ആമുഖ കത്ത് സഹിതം)
2. പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യവകുപ്പ് (ആമുഖ കത്ത് സഹിതം)
3. ജലവിഭവ വകുപ്പ് സെക്രട്ടറി (ആമുഖ കത്ത് സഹിതം)
4. അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
5. എല്ലാ ജില്ലാ കളക്ടർമാർക്കും

6. ഡയറക്ടർ ജനറൽ ഓഫ് പോലീസ്
7. ഡയറക്ടർ, I&PRD
8. കമ്മീഷണർ, മോട്ടോർ വാഹന വകുപ്പ്
9. മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി
10. ഡയറക്ടർ ഓഫ് അർബൻ അഫയേഴ്സ്
11. ഡയറക്ടർ ഓഫ് പഞ്ചായത്ത്
12. ഭക്ഷ്യസുരക്ഷാ ജോയിന്റ് കമ്മീഷണർ (അഡ്മിനിസ്ട്രേഷൻ, ലീഗൽ & വിജിലൻസ്)/എൻഫോഴ്സ്മെന്റ്
13. എല്ലാ ഡെപ്യൂട്ടി ഭക്ഷ്യസുരക്ഷാ അസിസ്റ്റന്റ് കമ്മീഷണർമാർ (സ്റ്റാറ്റ്യൂട്ടറി സാമ്പിൾ പരപിശോധനയ്ക്കായി എടുക്കേണ്ടതും ടാങ്കർ/സ്രോതസ്സ് പരിശോധന റിപ്പോർട്ടുകളുമായി ഒത്ത് നോക്കി പരിശോധനാ ഫലം കൃത്യമാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്)
14. എല്ലാ ഭക്ഷ്യസുരക്ഷാ അസിസ്റ്റന്റ് കമ്മീഷണർമാർ (സ്റ്റാറ്റ്യൂട്ടറി സാമ്പിൾ പരപിശോധനയ്ക്കായി എടുക്കേണ്ടതും ടാങ്കർ/സ്രോതസ്സ് പരിശോധന റിപ്പോർട്ടുകളുമായി ഒത്ത് നോക്കി പരിശോധനാ ഫലം കൃത്യമാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്)
15. ചീഫ് ഗവൺമെന്റ് അനലിസ്റ്റ്
16. ഗവൺമെന്റ് അനലിസ്റ്റ്, എറണാകുളം/കോഴിക്കോട്
17. റിസർച്ച് ഓഫീസർ, ജില്ലാ ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറി, പത്തനംതിട്ട
18. ഫയൽ/സ്റ്റോക്ക് ഫയൽ

**//ഉത്തരവിൻ പ്രകാരം//**

**ഭക്ഷ്യസുരക്ഷാ ജോയിന്റ് കമ്മീഷണർ**
**(അഡ്മിനിസ്ട്രേഷൻ, ലീഗൽ & വിജിലൻസ്)**